(സി) ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. വ്യവസായങ്ങളെ വർദ്ധിക്കായി നൽകിവരുന്ന സഹായധനം(വായ്പ) ഒരു പ്രയോഗപ്പെടുത്തുന്നതായി ശ്രദ്ധയിൽപെട്ടാൽ ബാക്കി അടയ്ക്കുവാനുള്ള വായ്പസംഖ്യ ഒന്നിച്ചു പലിശ സഹിതം ഗവണ്മെൻറിലേയ്ക്ക് തിരിച്ചടപ്പിക്കുവാൻ വേണ്ട വ്യവസ്ഥ വ്യവസായവായ്പ കൊടുക്കുന്നതു സംബന്ധിച്ചുള്ള നിയമാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വനഭൂമി.

5. [9] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി വ്യക്തികൾക്കോ, സംഘടനകൾക്കോ കൊടുക്കേണ്ടതു് ഏതു തോതിലാണെന്നു് വ്യക്തമായ വല്ല നിർദ്ദേശവുമുണ്ടോ;

(ബി) Economic holding എന്ന വാക്കിനു് എന്തു നിർവ്വചനമാണു് ഗവണ്മെൻറു് ഉദ്ദേശിക്കുന്നതു്;

(സി) വൻപിടി മുതലാളിമാരുടെയും, ജന്മിമാരുടെയും കൈവശത്തിൽ ഇരിപ്പുള്ള വനഭൂമിയെ സംബന്ധിച്ചു് എന്തു നയമാണു് ഗവണ്മെൻറിനുള്ളതു്;

(ഡി) വനഭൂമി മുഴുവനും ഏറ്റെടുത്തു് സർവ്വേയും, സെറ്റിൽമെൻറും നടത്തി അർഹരായ ആളുകൾക്കു് കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഒരു കുടുംബത്തിന്റെ പരിമിതമായ ആവശ്യത്തിനുള്ള സ്ഥലം.

(സി) സ്ഥലത്തു് താമസിച്ചു കൃഷി ചെയ്യുന്ന ആളുകൾക്കു് അങ്ങനെയുള്ള സ്ഥലം കൊടുക്കുന്നതാണു്. എന്നാൽ അങ്ങനെയുള്ള സ്ഥലം ഒരു Economic holding-നെക്കാളും വളരെ കൂടുതലാണെങ്കിൽ തിരിച്ചെടുക്കുന്നതും അർഹരായുള്ളവർക്കായി പുനർവിഭജനം ചെയ്യുന്നതുമാണു്.

(ഡി) വനത്തിൽനിന്നും ഒഴിവാക്കാവുന്ന സ്ഥലങ്ങൾ അപ്രകാരം ചെയ്യുന്നതിനു് നടപടികൾ സ്വീകരിച്ചിട്ടുണ്ടു്.

കുത്തകപ്പാട്ടം.

6. [10] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തകപ്പാട്ടമനുസരിച്ചുള്ള തുകയടയ്ക്കാൻ നിവൃത്തിയില്ലാത്ത വളരെയധികം പാവപ്പെട്ടവർ ഉണ്ടെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മുൻപു്, ഭൂമിപതിവു നടപടി നിലവിലിരുന്നകാലത്തു് പതിച്ചുകൊടുക്കുമ്പോൾ കുടിശ്ശിക (arrears) ഈടാക്കാൻ പാടില്ലെന്നു് വ്യവസ്ഥയുണ്ടായിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly